## കെ.എം.എം.എല്ലിലെ വാതക ചോർച്ച

**281 (621)** ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എം. എം. എല്ലിലെ വാതകചോർച്ചയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) വാതക ചോർച്ചയെത്തുടർന്ന് കെ.എം.എം. എല്ലിനുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) വാതക ചോർച്ചക്ക് കാരണമായ സംഗതികൾ എന്തെല്ലാമാണ് ; ആരുടെയെല്ലാം ഭാഗത്ത് നിന്ന് വീഴ്ചകൾ ഉണ്ടായിട്ടുണ്ട് ; വിശദമാക്കാമോ ;

(ഡി) ഏതെങ്കിലും നിലയിലുള്ള ശ്രദ്ധാലോചന സംഭവത്തിനു പിന്നിൽ നടക്കുകയുണ്ടായിട്ടുണ്ടോ ; ശ്രദ്ധാലോചന നടത്തിയവരെ കണ്ടെത്തിയിട്ടുണ്ടോ ; ശ്രദ്ധാലോചന എന്തായിരുന്നു ?

### ഉത്തരം

(എ) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിലെ വാതക ചോർച്ചയെ സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ താഴെ ചേർക്കുന്നു

1. സേഫ്റ്റി ഓഡിറ്റും റിസ്ക് അനാലിസിസും പുറത്തുള്ള സാങ്കേതിക പരിജ്ഞാനമുള്ള ഏജൻസിയെകൊണ്ട് നടത്തിക്കുക.

2. വിഷവാതകങ്ങളുടെ സാന്നിധ്യത്തിന്റെ അളവ് അറിയുന്നതിന് എല്ലാ സ്റ്റാക്കുകളിലും തുടർച്ചയായ on-line analysis നടത്തുക.

3. പ്ലാന്റിനുള്ളിലെ control system പുരാതനവും നൂമാറ്റിക്കുമാകയാൽ ക്രിട്ടിക്കലായുള്ള മേഖലകളിൽ അവമാറ്റി നൂതന ഇലക്ട്രോണിക്ക് പ്രോസസ്സിംഗ് സിസ്റ്റം സ്ഥാപിക്കേണ്ടതാണ്.

4. നിലവിൽ കമ്പനിയിൽ ക്ലോറിനും, LPG ക്കും മാത്രമണ് ഡിറ്റക്ഷൻ സിസ്റ്റമുള്ളത്. എന്നാൽ മറ്റ് വിഷ വാതകങ്ങളായ കാർബൺ മോണോക്സൈഡ്, സൾഫർ ഡയോക്സൈഡ്, ഹൈഡ്രജൻ സൾഫൈഡ് മുതലായവക്കും ഡിറ്റക്ഷൻ സിസ്റ്റം ഏർപ്പെടുത്തണം

LIBRARY ARCHIVES Kerala Legislative Assembly

5. 30 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി തൊഴിലാളികൾ ജോലി ചെയ്യേണ്ട അവസ്ഥക്കും തൻ നിമിത്തം തുടർച്ചയായി ഓഫ് നൽകുന്ന അവസ്ഥക്കും മാറ്റം വരുത്തേണ്ടതാണ്.

6. പ്ലാൻറുകളിൽ പൊതുവേ തുരുമ്പിന്റെ സാന്നിദ്ധ്യം കൂടുന്നതായി കാണുന്നു. അത് ഒഴിവാക്കുന്നതിന് ഉപരിതലങ്ങൾ സംരക്ഷിക്കുന്നതിനുള്ള (തുരുമ്പെടുക്കാതെ) നടപടികൾ സ്വീകരിക്കുക.

7. അന്തരീക്ഷ വായുവിന്റെ ലഭ്യതയും അവ അളക്കുന്നതിനുള്ള സംവിധാനവും പ്ലാൻറിൽ സജ്ജമാക്കേണ്ടതാണ്.

8. കമ്പനിയിടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി CCTV സിസ്റ്റം സ്ഥാപിക്കേണ്ടതാണ്.

(ബി) ആഗസ്റ്റ് മാസം 1990 മെട്രിക് ടണ്ണിന്റെ ഉദ്പാദന നഷ്ടം സംഭവിച്ചതിലൂടെ 12.28 കോടി രൂപയുടെ ഉദ്പാദന നഷ്ടവും, സെപ്റ്റംബർ മാസം 820 മെട്രിക് ടണ്ണിന്റെ ഉദ്പ്പാദന നഷ്ടം സംഭവിച്ചതിലൂടെ 07.22 കോടി രൂപയുടെ ഉദ്പാദന നഷ്ടവും വന്നിട്ടുണ്ട്.

(സി) പ്ലാൻറിന്റെ മുഴുവൻ ഉൽപ്പാദനശേഷിയിലുള്ള പ്രവർത്തനത്തിന് യൂണിറ്റ്-200 ലുള്ള 3 ക്ലോറിനേറ്ററിൽ രണ്ടെണ്ണം പൂർണ്ണമായും പ്രവർത്തിപ്പിക്കേണ്ടതാണ്. 3 ക്ലോറിനേറ്ററിൽ ഡി 201, ഡി 202 എന്നിവ 6-8-2014 വരെ പൂർണ്ണമായും പ്രവർത്തിച്ചിരുന്നു. 6-8-2014-രാവിലെ D-201 എന്ന ക്ലോറിനേറ്റർ പ്രവർത്തിച്ചു വരവേ, ഡി-203 എന്ന ക്ലോറിനേറ്റർ വായുവും, പെട്രോളിയം കോക്കും മൂലം ചൂടാക്കി ഫീഡ് ചെയ്യാനുതകുന്ന തലത്തിലേക്ക് മാറ്റുവേ ഏതാണ്ട് 9.15 a.m. ന്, അതിന്റെ ഒരു നോസിലിൽ ഒരു സുഷിരമുണ്ടാവുകയും അതിലൂടെ പെട്രോളിയം കോക്ക് കത്തിയുണ്ടായ ബേർണിംഗ് ഗ്യാസ് പുറത്തുള്ളുകയും ചെയ്തു. ഉടൻ തന്നെ ഡി-201 ന്റെ പ്രവർത്തനവും ഡി-203 ലേക്ക് വായു നൽകുന്ന മുഴുവൻ പ്രവർത്തനങ്ങളും പെട്ടെന്ന് തന്നെ നിർത്തിവയ്ക്കുകയും ചെയ്തു. പിന്നീട് ചോർച്ച രൂപം കൊണ്ട ഡി-203 ക്ലോറിനേറ്റർ, പ്രൊഡക്ഷൻ ലൈനിൽ നിന്നും വിച്ഛേദിക്കുകയും ചെയ്തു. അപ്രകാരം D-202 ഉം ഡി-201 ഉം പ്രവർത്തിപ്പിക്കുവാനുള്ള നടപടികൾ എടുക്കുകയും ഡി-203 മാറ്റി നിർത്തുകയും ചെയ്തു. അതിനു ശേഷം 6-8-2014-ൽ ഡി-201 ന്റെ ഉത്പ്പാദനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

7-8-2014-ൽ രാവിലെ 8 മണിയോടു കൂടി ഡി-201 ക്ലോറിനേറ്റർ പ്രവർത്തനം നിർത്തിവയ്ക്കുകയും 8.30 ന് വീണ്ടും പ്രവർത്തിപ്പിച്ച് കാലത്ത് 9 മണിക്ക് വീണ്ടും നിർത്തുകയും ചെയ്തു. ഊഷ്മാവ് അളക്കുന്നതിനുള്ള തെർമോകപ്പിളിൽ ഉണ്ടായ ന്യൂനത പരിഹരിക്കുന്നതിനാണ് അപ്രകാരം ചെയ്തത്. 7-8-2014-ൽ ഡി-202 പൂർണ്ണമായും പ്രവർത്തനരഹിതമായിരുന്നു.

(ഡി) ഗൂഢാലോചന നടന്നതായി ഇതു വരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു.

## കെ.എസ്.സി.ഡി.സി. കാപെക്സ് - തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക

**282 (622)** <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. സി. ഡി. സി, കാപെക്സ് എന്നീ സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് കൊടുക്കാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ ആവശ്യമായ തുക എത്രയെന്നറിയിക്കാമോ ;

(സി) സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗ്രാറ്റുവിറ്റി കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്ത തുക എത്ര ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നടപ്പ് സാമ്പത്തിക വർഷം ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുക്കുന്നതിന് വേണ്ടി വകയിരുത്തിയ തുക എത്രയെന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കെ.എസ്.സി.ഡി.സി.-യിൽ 2010 മുതൽ 2013 വരെയുള്ള കാലയളവിൽ വിരമിച്ചവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി 34.70 കോടി രൂപ ആവശ്യമായിട്ടുണ്ട്. കൂടാതെ സ്വകാര്യ ഉടമകൾക്ക് തിരികെ നൽകിയ 4 ഫാക്ടറികളിലെ ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിലേയ്ക്കായി 7.06 കോടി രൂപയും ആവശ്യമായിട്ടുള്ളതാണ്. കാപെക്സിൽ 2011,2012,2013 വർഷങ്ങളിലെ ഗ്രാറ്റുവിറ്റി നൽകുവാനായി 4,34,20,234-രൂപ ആവശ്യമാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം നടത്തിയിട്ടില്ല.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുക്കുന്നതിനു വേണ്ടി തുക വകയിരുത്തിയിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly